For Private Circulation Only

April 2022

ആശ്വാസദൂതൻ

HOLY BIBLE

Vol.69

" മടുത്തുപോകാതെ എപ്പോഴും പ്രാർത്ഥിക്കേണം എന്നുള്ളതിനു അവൻ അവരോടു ഒരു ഉപമ പറഞ്ഞതു" (ലൂക്കോ. 18:1)

No.4

പ്രാർത്ഥന

By Leonard Ravenhill (1907 - 1994)

പ്രാർത്ഥനയെക്കാൾ അധികം സംതൃപ്തി നല്കുന്ന വേറെ യാതൊന്നും ഇല്ല. ജനങ്ങൾ പൊതുവേ ഇങ്ങനെ ചോദിക്കാറുണ്ട്. എന്തുകൊണ്ടാണ് കൂടുതൽ പ്രാധാന്യം പ്രാർത്ഥനയ്ക്കു നല്കുന്നതെന്ന്? ഇതിനുള്ള ഉത്തരം വളരെ ലളിത മാണ്. എന്തുകൊണ്ടെന്നാൽ യേശുക്രിസ്തു പ്രാർത്ഥിച്ചു വിശുദ്ധ ലൂക്കോസിന്റെ സുവിശേഷത്തെ നിങ്ങൾക്ക് അതിനെ പ്രാർത്ഥനയുടെ സുവിശേഷം എന്ന തലക്കെട്ടിലേയ്ക്കു പരിവർത്തനം ചെയ്യാം. ഇത് യേശുക്രിസ്തുവിന്റെ പ്രാർത്ഥന ജീവതം ആണ്. മറ്റുള്ള ഭാഗങ്ങളിൽ കാണുന്നത് യേശുക്രിസ്തു യോർദ്ദാനിലായിരുന്നപ്പോൾ പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ അവന്റെമേൽ വന്നു എന്നാണ്. വിശുദ്ധ ലൂക്കോസിന്റെ സുവിശേഷത്തിൽ പറയുന്നത് യേശുക്രിസ്തു പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ അവന്റെമേൽ പരിശുദ്ധാത്മാവ് വന്നു എന്നാണ്. മറ്റുള്ള സുവിശേഷങ്ങളിൽ നാം കാണുന്നത് യേശുക്രിസ്തു പന്ത്രണ്ട് ശിഷ്യന്മാരെ തിരഞ്ഞെടുത്തു എന്നാണ്. എന്നാൽ ലൂക്കോസിന്റെ സുവിശേഷത്തിൽ കാണുന്നത് ഒരു രാത്രി മുഴുവൻ പ്രാർത്ഥിച്ചനന്തരം യേശുക്രിസ്തു പന്ത്രണ്ട് ശിഷ്യന്മാരെ തിരഞ്ഞെടുത്തു എന്നാണ്. മറ്റുള്ള വേദഭാഗങ്ങളിൽ കാണുന്നത് യേശുക്രിസ്തു ക്രൂശിൽ മരിച്ചു, എന്നാൽ ലൂക്കോസിന്റെ സുവിശേഷത്തിൽ പ്രസ്താവിക്കുന്നത് യേശുക്രിസ്തു കാൽവറിയിലെ മരക്കുരിശൽ പിടഞ്ഞ് മരിക്കുമ്പോൾ അവനെ ക്രൂശിച്ചവർക്കായിട്ട് പ്രാർത്ഥിക്കുന്ന ഒരു കർത്താവിനെയാണ് കാണുന്നത്. മറ്റുള്ള സുവിശേഷങ്ങളിൽ പറയുന്നത് യേശുക്രിസ്തു ഒരു മലമുകളിലേയ്ക്കു കയറി പോയി അവിടെവച്ച് രൂപാന്തരം പ്രാപിച്ചുവെന്നാണ്. എന്നാൽ ലൂക്കോസിന്റെ സുവിശേഷ.ത്തിൽ എഴുതിയിരിക്കുന്നത് അവൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ തേജസ്സിനാൽ നിറയപ്പെട്ടുവെന്നാണ്. രൂപാന്തരം പ്രാപിക്കുവാൻ പ്രാർത്ഥനയെക്കാൾ മെച്ചമായത് വേറെ ഒന്നും ഇല്ല.

വേദപുസ്തകത്തിൽ കാണുന്നത് ശിഷ്യന്മാർ മയക്കം പിടിച്ചു എന്നാണ്, എന്നാൽ യേശുക്രിസ്തു പ്രാർത്ഥനയ്ക്കായിട്ട് പോയി. ഇതാണ് അവന്റെ ജീവിത രീതി. ദൈവപുത്രനായ യേശുക്രിസ്തു തീർച്ചയായിട്ടും ശുശ്രൂഷയ്ക്കായിട്ട് അഭിഷേകം ചെയ്യപ്പെട്ടവനായിരുന്നു. കർത്താവ് പ്രാർത്ഥനയിൽ ജീവിച്ചിരുന്നെങ്കിൽ എനിക്കും നിനക്കും ഇപ്പോൾ ഇത് എത്രയധികം വേണ്ടിയിരിക്കുന്നു? യേശുക്രിസ്തു എല്ലാ പ്രതിസന്ധികളിൽ കൂടി കടന്നു പോയതുപോലെ ഞാനും നീയും പ്രതിസന്ധികളിൽ കൂടി കടക്കേണ്ടിയവരല്ലേ?

നിങ്ങളുടെ മുമ്പിലേയ്ക്ക് ഞാൻ ഒരു കഥ കൊണ്ടുവരട്ടെ. ഒരിക്കൽ ഒരു കൂട്ടം സന്ദർശകർ വളരെ മനോഹരമായ ഒരു ഗ്രാമം സന്ദർശിക്കുകയുണ്ടായി. അവരുടെ സന്ദർശനവേളയിൽ വളരെ പ്രായമുള്ള ഒരു വൃദ്ധൻ ഒരു വേലിയോട് ചേർന്ന് ഇരിക്കുന്ന കാഴ്ച അവർ കണ്ടു. ജിജ്ഞാസ ദാഹികളായ ആ സന്ദർശകരിൽ ഒരുവൻ ഈ വൃദ്ധനോട് വളരെ ഗൗരവത്തോട് ചോദിച്ചു. ഈ ഗ്രാമത്തിൽ ഏതെങ്കിലും വലിയ മനുഷ്യർ ജനിച്ചിട്ടുണ്ടോ? ഈ വൃദ്ധനായ മനുഷ്യൻ എവിടെയും നോക്കാതെ തക്ക മറുപടി പറഞ്ഞു. ഇല്ല, കുഞ്ഞുങ്ങൾ മാത്രമേ ജനിച്ചിട്ടുള്ളൂ. എല്ലാ വലിയവരായ മനുഷ്യരും ഒരിക്കൽ വളരെ ചെറിയ ശിശുക്കൾ ആയിരുന്നു. വളരെ വലിയവരായി തീർന്ന വിശുദ്ധന്മാരെല്ലാം ഒരിക്കൽ ആത്മാവിൽ പിച്ചവെച്ച് നടക്കുന്ന ശിശുക്കളായിരുന്നു.

ചാൾസ് എച്ച്. സ്പർജൻ തന്റെ പതിനാറാമത്തെ വയസ്സിൽ രക്ഷിക്കപ്പെടുകയും പത്തൊൻപതാമത്തെ വയസ്സിൽ ലണ്ടനിൽ പ്രസംഗിക്കുകയും ചെയ്തു. അവന്റെ ഇരുപത്തിഏഴാമത്തെ വയസ്സിൽ ആറായിരം ആൾ ക്കാർ കൂടിവരവുകളിൽ ഉണ്ടായിരുന്നു. ചില ഞായറാഴ്ചകളിൽ 12,000 ജനങ്ങൾ കൂട്ടായ്മകളിൽ വന്നു ചേർന്നിരുന്നു. ചില വ്യാഴാ ഴ്ച രാത്രികളിലെ കൂട്ടായ്മകളിലും ഇങ്ങനെ സംഭവിച്ചിട്ടുണ്ട്. എങ്ങനെ? അവൻ ദൈവത്തിനായിട്ട് കാത്തിരുന്നു. അവൻ ദൈവത്തിൽ നിന്നു മാത്രമാണ് ഇതെല്ലാം പ്രാപിച്ചെടുത്തത്. അവൻ പഠിച്ചു. ... അവൻ ദൈവത്തോട് പ്രർത്ഥിച്ചു.

ആശയറ്റ പ്രാർത്ഥന

ദൈവം തന്റെ ആത്മ സുഹൃത്തക്കളായ തന്റെ മക്കളെ ഏകാന്തതയുടെ അനുഭവത്തിൽ കൂടി നടത്തും. താങ്കൾക്ക് അറിയാമോ പ്രാർത്ഥനയുടെ രഹസ്യം എന്താണെന്ന്? രഹസ്യത്തിൽ പ്രാർ ത്ഥന. " നീയോ പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്ന് വാതിൽ അടെച്ചു രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാർത്ഥിക്കുക " (മത്താ. 6:6). നീ അറയിൽ കടന്ന് പ്രാർത്ഥിക്കുമ്പോൾ ആരും അറിയുന്നില്ല നീ പ്രാർത്ഥിക്കുന്നത്. നിന്റെ കൃപാവരങ്ങൾ പ്രദർശിപ്പിക്കുവാൻ കഴിയുന്നില്ല. മറ്റുള്ളവരെ നമുക്ക് സ്വാധിനക്കാം എന്നാൽ നമുക്ക് ദൈവത്തെ സ്വാധീനിക്കുവാൻ സാധ്യമല്ല.

1 ശമുവേൽ 1:1-15-ൽ ഒരു നല്ല ജീവചരിത്രം ദർശിക്കാം. എല്ക്കാനയും അവന്റെ ഭാര്യ ഹന്നയും ശീലോവിൽ പോയി യാഗം കഴിക്കുകയും യഹോവയെ ആരാധിക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ കാലഘട്ടത്തിൽ ഹന്ന വളരെ നിരാശയുള്ളവളായിരുന്നു. കാരണം അവൾ തന്റെ ഭർത്താവിനു ഒരു ആൺ തലമുറയെ പ്രസവിച്ചിരുന്നില്ല. വന്ധ്യയായ അവൾ വളരെ ദു:ഖത്തോടും നിരാശയോടുകൂടി യഹോവയുടെ മുമ്പിൽ പ്രാർത്ഥിക്കുന്നതായിട്ടാണ് നാം അവിടെ കാണുന്നത്. അവിടെ വായിക്കുന്നത് "ഹന്ന കരഞ്ഞു " എന്നാണ്. എന്നാൽ അതിനെക്കാൾ ഭയങ്കരമായ വസ്തുത അവളുടെ കരച്ചിൽ സാധാരണ നിലയിലുള്ള ഒരു കരച്ചിൽ അല്ലായിരുന്നു. അവൾ വളരെ മനോവ്യസനത്തോടെ കരഞ്ഞു എന്നുള്ളതാണ്. അവളുടെ ഹൃദയത്തിലുള്ളതെല്ലാം ദൈവത്തിന്റെ മുമ്പാകെ പകരുകയാണ്. ചെയ്തത്. ഹൃദയം വളരെ വേദന നിറഞ്ഞതായിരുന്നു. ആത്മാവിൽ വളരെ കയ്പുള്ളതായിരുന്നു. പ്രലോഭനങ്ങൾ ഉള്ള ഒരു ജീവിതം ആയിരുന്നു അവളുടേത്. ഹൃദയത്തിന് യാതൊരു സുഖവും ഇല്ലായിരുന്നു.

(ശേഷം 4-ാംപേജിൽ)

ഡേവിഡ് ബ്രയിനാർഡ് ഞാൻ ദൈവത്തിനായിട്ട് ജീവിക്കുവാൻ ആഗ്രഹിക്കുന്നു (Part I)

By Jonathan Edwards

24-ാമത് ജന്മ ദിവസത്തിൽ. ഡേവിഡ് ബ്രയിനാർഡ് തന്റെ ഡയറിൽ പ്രാർത്ഥന ജീവിതത്തെ കുറിച്ച് ഇപ്രകാരം എഴുതി: ഞാൻ ദൈവത്തിനായിട്ട് ജീവിക്കുവാൻ ആഗ്രഹിക്കുന്നു, മുഴുവനായിട്ട് അവനായിട്ട് സമർപ്പിച്ചിരിക്കുന്നു. അവന്റെ മഹത്വത്തിനായിട്ട് ശുശ്രൂഷ ചെയ്യുവാൻ എന്റെ ജീവിതം സമർപ്പിച്ചിരിക്കുന്നു. 1742-ൽ ശുശ്രൂഷയ്ക്കായിട്ട് ഒരു പാസ്റ്ററിനോട് ചേർന്ന് ദൈവവചനം അഭ്യസിച്ചിരുന്ന സമയത്താണ് ഇത് സംഭവിച്ചത്. അവൻ തന്റെ കുറവുകൾ സമ്മിതിച്ചുകൊണ്ട് കർത്താവിന്റെ ശുശ്രൂഷ ചെയ്യുവാൻ സമർപ്പിതനായി. ചില സമയത്ത് താൻ അതിനായിട്ട് ഉപയോഗിച്ചു രഹസ്യപ്രാർത്ഥനകളും ചില സാഹചര്യങ്ങളിൽ മുഴുദിവസം ഉപവസിച്ചും, പ്രാർത്ഥനയുമായിട്ട് ദൈവസന്നിധിയിൽ ഇരുന്നു. ശുശ്രൂഷ വിജയകരമായിട്ട് നടത്തുവാൻ ദൈവകൃപ തന്റെമേൽ നിഴലിടുവാൻ ഇത് ആവശ്യമാണെന്നുള്ള ഒരു ആത്മ ഭാരം തന്നെ നയിച്ചിരുന്നു.

143-ൽ തന്റെ നല്ല യൗവ്വ കാല ഘട്ടത്തിൽ സ്കോട്ടിഷ് മിഷനറി സൊസൈറ്റിയിൽ നിന്ന് തന്റെ ജന്മ ദിനത്തിന്റെ വടക്കു കിഴക്കൻ ഭാഗത്ത് താമസിച്ചിരുന്ന ഇന്ത്യൻസിന്റെ ഇടയിൽ സുവിശേഷ വേല ചെയ്യുവാനുള്ള നിയോഗം ലഭിച്ചു. ഇത് ഇന്നത്തെ അമേരിക്കയുടെ ന്യൂജേഴ്സി, പെൻസിൽവാനിയ, ന്യൂയോർക്ക് എന്നീ സംസ്ഥാനങ്ങളാണ്. അവൻ ഒരു കുതിരയുടെ പുറത്ത് കയറി വനപ്രദേശത്തുകൂടി യാത്ര ചെയ്തു. ഇന്ത്യക്കാർ താമസിച്ചിരുന്ന സ്ഥലത്ത് എത്തിച്ചേർന്നു. ജീവിതത്തിൽ ഏതു തരത്തിലുള്ള കഷ്ടതകളും പ്രതിസന്ധികളും വന്നാലും കർത്താവിന്റെ വേല ചെയ്യണം എന്നുള്ള ഒരു ദൃഢ നിശ്ചയത്തിൽ താൻ എത്തിച്ചേർന്നിരുന്നു. പ്രാചീനമായ ഒരു ജീവിത നിലവാരത്തിലായിരുന്നു അവരുടെ ജീവിതം. അല്പകാലത്തേയ്ക്കു താമസിക്കുവാൻ ലഭിച്ചിരുന്ന മുറി താമസത്തിനുള്ള സൗകര്യം ഉണ്ടായിരുന്ന മുറി അല്ലായിരുന്നു. തറയിൽ വൈക്കോൽ ഉണ്ടായിരുന്നു. അതിൽ ആണ് കിടന്നിരുന്നത്. അതിനുശേഷം ഇൻഡ്യൻസ് നിർമ്മിച്ചിരുന്ന ഒരു ചെറിയ കുടിലിൽ താമസിച്ചു. ആ ചെറിയ കുടിലിൽ ഇരുന്നുകൊണ്ട് ദൈവവുമായിട്ടു കൂട്ടായ്മ ഉണ്ടാക്കുവാൻ സാധിച്ചതുകൊണ്ട് അതിനെ വളരെ ശ്രേഷ്ഠകരമെന്ന് ചിന്തിച്ചു.

വന പ്രദേശത്തുള്ള അദ്ദേഹത്തിന്റെ ഏകാന്ത വാസത്തിൽ നല്ല ഒരു ആശ്വാസദായകനായിട്ട് കർത്താവ് കൂടെ ഇരുന്നു. അദ്ദേഹത്തിന്റെ സഹായിയുടെ സഹായത്താലാണ് ഇംഗ്ളീഷു ഭാഷ സംസാരിക്കുവാൻ കഴിഞ്ഞത്. ചിലപ്പൊഴൊക്കെയും ദൈവമക്കളായ വിശ്വാസികളുമായിട്ടുള്ള കൂട്ടായ്മ ലഭിക്കുവാൻ അതിനായി വാഞ്ഛിച്ചിട്ടുണ്ട്. ഇൻ ഡിസിന്റെ ഇടയിലായിരുന്നപ്പോൾ അനുഭവിച്ച വേദനകളും ദു:ഖങ്ങളും ഒക്കെയും ഒന്നു പങ്കിടുവാൻ ഒരാളെ കിട്ടിയിരുന്നുവെങ്കിൽ നന്നായിരുന്നു എന്ന് ചിന്തിച്ച് പോയ സമയങ്ങൾ ഉണ്ട്.

അവന്റെ ആ ദിവസങ്ങളിൽ പ്രാർത്ഥനയുടെ മഹത്വം വലുതായിരുന്നവെന്ന് ഡയറി കുറിപ്പുകളിൽ വെളിപ്പെടുന്നുണ്ട്. അവൻ വിശുദ്ധയെ അനുഗമിക്കുന്നവരായിട്ട് തീർന്നു. ദൈവത്തോട് അനുരൂപപ്പെട്ടുകൊണ്ടു ജീവിക്കുവാൻ ഞാൻ വിശുദ്ധിക്കായിട്ട് എളിമയ്ക്കായിട്ട് വിനയത്തിനായിട്ടു കാംഷിക്കുന്നു. അവൻ പ്രാർത്ഥനയിൽ തനിക്കുവേണ്ടിയും സന്ദർശനത്തിനു പോകുന്ന പ്രീയപ്പെട്ടവർക്കുമായിട്ടു അധികം പ്രാർത്ഥിച്ചിരുന്നു.

(ശേഷം 3-ാംപേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം. " എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ച് എന്റെ മുഖം അന്വേഷിച്ചു തങ്ങളുടെ ദുർമാർഗ്ഗങ്ങളെ വിട്ടു തിരിയുമെങ്കിൽ ഞാൻ സ്വർഗ്ഗത്തിൽ നിന്നു കേട്ട് അവരുടെ പാപം ക്ഷമിച്ച് അവരുടെ ദേശത്തിന് സൗഖ്യം വരുത്തിക്കൊടുക്കും. ഈ സ്ഥലത്തു കഴിക്കുന്ന പ്രാർത്ഥനയ്ക്ക് എന്റെ കണ്ണ് തുറന്നിരിക്കയും എന്റെ ചെവി ശ്രദ്ധിച്ചിരിക്കയും ചെയ്യും (2ദിന. 7:14,15)

മാർച്ച് മാസം നമ്മെ വിട്ട് കടന്നുപോയി. ഏപ്രിൽ മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

ദൈവം തന്റെ മക്കളോട് കരുണയുള്ളവനാണ്. ഇന്ന് ലോകം പാപത്തിൽ മുഴുകി അസമാധാനത്തിലേക്ക് നീങ്ങികൊണ്ടിരിക്കുകയാണ്. മരണത്തെ ജയിച്ച് സകലത്തിന്മേലും അധികാരം പ്രാപിച്ച ക്രിസ്തുവിൽ നാം ആയിരിക്കുന്നുവെങ്കിൽ ഈ ലോകത്തിലെ യാതൊന്നിനും നമ്മെ പരാജയപ്പെടുത്തുവാൻ കഴിയുകയില്ല.

ജീവങ്കലേക്കു പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവുമുള്ളതാണ്. എന്നാൽ ഈ ലോക ജീവിതത്തിനു ശേഷം നിങ്ങൾക്കായി കാത്തിരിക്കുന്ന തേജസ്സ് എത്ര മഹത്വമേറിയത് എന്ന് ചിന്തിക്കുന്നു. ഈ ലോകത്തിലെ സന്തോഷങ്ങൾ നിമിഷങ്ങൾ മാത്രം നിലനിൽക്കുന്നതാണ്. എന്നാൽ യേശു തരുന്ന സന്തോഷവും സമാധാനവും നിത്യമായതാണ്.

പ്രിയരെ നമ്മുടെ ജീവിതം ദൈവത്തിന്റെ മുമ്പാകെ തുറന്ന പുസ്തകമാണെന്ന് ഓർമ്മിക്കുക. യേശുവിന്റെ സന്നിധിയിൽ നിന്ന് ഒരു കാര്യവും മൂടി വയ്ക്കുവാൻ സാധ്യമല്ല. ദൈവ ഇഷ്ടം ചെയ്തുകൊണ്ട് ഓരോ ദിവസവും വിശുദ്ധിയിലും വേർപാടിലും നമുക്കു ജീവിക്കാം.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

(2-ാംപേജിന്റെ തുടർച്ച)

ഞാൻ ദൈവത്തിനായിട്ട് ജീവിക്കുവാൻ ആഗ്രഹിക്കുന്നു

ദൈവമഹത്വത്തിനായിട്ടുള്ള വാഞ്ഛ

ബ്രയിനാർഡ് ദൈവത്തിന്റെ ശക്തി മുഴുവനും അറിയണമെന്ന് ആഗ്രഹിച്ചു. ആ സമയങ്ങളിൽ അവന്റെ പ്രാർത്ഥന ജീവിതത്തെക്കുറിച്ചുള്ള കുറിപ്പുകൾ ഉണ്ട്. ഞാൻ എന്റെ ചെറിയ കുടിലിൽ തനിയെ ജീവിക്കുവാൻ ആഗ്രഹിക്കുന്നു. അവിടെ പ്രാർത്ഥനയിൽ അധികം സമയം ആയിരിക്കുവാൻ എനിക്ക് സാധിക്കുന്നുണ്ട്. എനിക്ക് വേണ്ടിയും ദൈവകമക്കളായ എന്റെ സുഹൃത്തുക്കൾക്കു വേണ്ടിയും ദൈവസഭയ്ക്കു വേണ്ടിയും രക്ഷിക്കപ്പെട്ട് കടന്നുവന്ന പുതിയ ആത്മാക്കളിൽ ദൈവശക്തി വെളിപ്പെടുവാൻ അതിനായിട്ടെല്ലാം ഞാൻ ദീർഘ സമയങ്ങളായിട്ട് പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു. ദൈവനാമം മഹത്വപ്പെടട്ടെ. ഈ സമയങ്ങളിൽ ഞാൻ ഉപവാസത്തോടും പ്രാർത്ഥനയോടും കൂടി ആയിരുന്നതിനാൽ അവിടുത്തെ കരുണ എന്നും എന്നിൽ നിറയപ്പെടട്ടെ എന്റെ ആത്മാവിനെ അവിടുത്തേയ്ക്ക നയിക്കപ്പെടട്ടെ!

മരങ്ങളുടെ ഇടയിൽ അനേകം മൈലുകൾ അവൻ യാത്രചെയ്യേണ്ടിവന്നു, ദൈവം കൊടുത്ത ഇൻഡ്യൻ സിനോട് സുവിശേഷം അറിയിക്കുവാൻ ഈ യാത്രകളിൽ എല്ലാം ദൈവത്തിന്റെ കരുതൽ ഉണ്ടായിരുന്നതുകൊണ്ട് വളരെ ആസ്വദിച്ചുകൊണ്ട് യാത്ര ചെയ്യുവാൻ സാധിച്ചു. ഞാൻ പലപ്പോഴും ഭയങ്കരമായ തണുപ്പിനാലും വിശപ്പിനാലും പ്രയാസപ്പെട്ടു. അവിടെ ഒന്നും ഒരു സുഖവും ഇല്ലായിരുന്നു. മരങ്ങലുടെ ഇടയിൽ വച്ച് പല പ്പോഴും ഇതെ ല്ലാം നഷ്ടപ്പെട്ടിരുന്നു, ചില സമയങ്ങളിൽ രാത്രികളിൽ കൂടുതൽ യാത്ര ചെയ്യേണ്ടതിനായിട്ട് വന്നിരുന്നു. ഒരു പ്രാവശ്യം മരങ്ങളുടെ ഇടയിൽ ഒരു രാത്രി മുഴുവൻ കഴിയേണ്ടി വന്നു. അവിടെയെല്ലാം അനുഗ്രഹിക്കപ്പെട്ട കർത്താവിന്റെ പ്രത്യേകമായ സുരക്ഷിതത്വം ആസ്വദിക്കുവാൻ സാധിച്ചു.

ബ്രെയിനാർഡ് മിക്കപ്പോഴും ശാരീരിക ക്ഷീണത്തിൽ ആയിരുന്നു. പ്രത്യേകിച്ച് റ്റി.ബി. യുടെ രോഗലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുകയും ചെയ്തിരുന്നു. ചിലപ്പോഴൊക്കെയും പോഷകാഹാരങ്ങളുടെ ലഭ്യത കുറവായിരുന്നു. പത്ത്, പതിനഞ്ച് മൈലുകൾ യാത്രചെയ്യുവാൻ വേണ്ടി ആരെയെങ്കിലും അവൻ അയക്കുകയും അവർ കൊണ്ടു വരുന്ന ബ്രഡ് അത് കഴിക്കുന്നതിനു മുമ്പെ കയ്പു രുചി ആയതു ഏതെങ്കിലും പ്ലാസ്റ്റിക് അംശങ്ങൾ ഒക്കെ ഉള്ളതുമായി തീർന്നിരുന്നു ആ ആഹാരം. അവൻ മിക്കപ്പോഴും ഇൻഡിൻ സിന്റെ ആഹാരവും ബ്രഡും കേക്കും കഴിച്ചിരുന്നു. എന്നിട്ടു ഞാൻ എന്റെ ചുറ്റുപാടിലും സാഹചര്യത്തിലും സംതൃപ്തിയുള്ളവരും ദൈവകരങ്ങളിലേയ്ക്ക് സമർപ്പിച്ച് നല്കുകയും ചെയ്തിരുന്നു. തന്റെ പ്രതികരണം ഇപ്രകാരം ആയിരുന്നു. ഞാൻ ദൈവത്തെ സ്തുതിക്കുന്നു. ഇന്നുള്ള എന്റെ സാഹചര്യത്തിൽ ഒരു രാജാവിനെ പോലെ. പുതിയ വേല സ്ഥലങ്ങളിൽ വന്നിരുന്ന സുവശേഷ വേലക്കാരെ കൂടുതൽ പ്രോത്സാഹിപ്പിക്കുവാനും അവർക്ക് ധൈര്യം പകരുവാനും അനേകം പള്ളികളിലെ പാസ്റ്റർമാർ അവനെ ക്ഷണിക്കുകയും ചെയ്തിരുന്നു. അങ്ങനെ സുഖപ്രദങ്ങളായ സ്ഥലങ്ങളിൽ പ്രവർത്തിക്കുവാനുള്ള അവസരം അവനും ലഭിച്ചിരുന്നു. എന്നാൽ വളരെ ദൃഢനിശ്ചയത്തോടു കൂടി അവൻ ഇൻഡ്യക്കാരുടെ ഇടയിൽ തന്നേ പ്രവർത്തിച്ചു.

ഏകദേശം ഒരു വർഷക്കാലം അവൻ വളരെ പ്രാർത്ഥിച്ചും പ്രവർത്തിച്ചും തന്റെ ആദ്യത്തെ വേലസ്ഥലമായ ഇഡ്യക്കാരുടെ ഇടയിൽ ജീവിച്ചു. ആ സമയത്ത് പുതിയ ആത്മാക്കൾ ആരും തന്നെ രക്ഷിക്കപ്പെട്ടിരുന്നില്ല.. പക്ഷെ ഞാൻ ധാരാളം സമയങ്ങൾ പ്രാർത്ഥിച്ചിരുന്നു. വളരെ ശ്രദ്ധയോടുകൂടി പ്രസംഗിച്ചിരുന്ന. എന്റെ അടുക്കൽ ചില പ്രിയപ്പെട്ടവർ കരഞ്ഞോട്ട് വന്നിട്ട് എന്നോട് ചോദിച്ചിരുന്നു. രക്ഷിക്കപ്പെടുവാൻ ഞങ്ങൾ എന്തുചെയ്യണം എന്ന്.

വനത്തിൽ കൂടി പുതിയ ഒരു പ്രവർത്തന സ്ഥലത്തേക്ക്

അടുത്ത തന്റെ പ്രവർത്തന സ്ഥലത്തേക്ക് ഏകദേശം 100 മൈൽ കുതിരപ്പുറത്ത് യാത്ര ചെയ്യേണ്ടിവന്നിരുന്നു. എന്റെ ഹൃദയം ചിലപ്പൊഴെക്കെ എന്റെ ജോലികളെകുറിച്ചുള്ള ചിന്തകളിൽ മുങ്ങിപോയിരുന്നു. തനിയെ വനത്തിൽ കൂടി യാത്രചെയ്തുകൊണ്ടിരുന്നു. എവിടെയാണെന്ന് അറിഞ്ഞിരുന്നില്ല. തന്റെ ഡയറിയിൽ ഇങ്ങനെ എഴുതിയിരിക്കുകയാണ്, എന്നാൽ മറ്റുള്ള ദൈവത്തിന്റെ മക്കളുടെ കഷ്ടതകൾ കാടുകളിലും മലകളിലും ഗുഹകളിലും ഭൂമിയുടെ പിളർപ്പുകളിലും ഉഴഞ്ഞു വലഞ്ഞു; ലോകം അവർക്ക് യോഗ്യമായിരുന്നില്ല (എബ്രാ. 11:38). അതുകൊണ്ട് ഞാൻ എന്റെ ദൈവത്തെ പിൻതുടരണം.

അവിടെ ചെന്നപ്പോൾ അവിടെ ഉണ്ടായിരുന്ന ഇന്ത്യ

(ശേഷം 7-ാംപേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*
സ്നാനം ഏൽക്കുക	*വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

(1-ാംപേജിന്റെ തുടർച്ച)

പ്രാർത്ഥന

നിരാശ തളം കെട്ടി കിടന്നിരുന്നു.

ഇപ്പോൾ കഷ്ടതകളുടെ ഒരു നീണ്ട നിരതന്നെയുണ്ട്. ദു:ഖം, ബുദ്ധിമുട്ട്, അങ്ങനെ വേറെ എന്തോക്കെയോ ഉണ്ട് അതെല്ലാം ഈ സ്ത്രീയുടെ ജീവിതത്തിൽ സംഭവിച്ചു. എന്നാൽ ഈ സ്ത്രീയെ സംബന്ധിച്ചിടത്തോളം ഏറ്റവും വളരെ പ്രധാനപ്പെട്ട കാര്യം അവൾ ഒരു പ്രാർത്ഥന സ്ത്രീയായിരുന്നു എന്നുള്ളതാണ്. 20-ാം വാക്യത്തിൽ പറയുന്നത്, " ഒരു ആണ്ടു കഴിഞ്ഞിട്ടു ഹന്ന ഗർഭം ധരിച്ചു ഒരു മകനെ പ്രസവിച്ചു. ഞാൻ അവനെ യ.ഹോവയോടു അപേക്ഷിച്ചു വാങ്ങി എന്നു പറഞ്ഞു അവന്നു ശമുവേൽ എന്നു പേരിട്ടു ".

ഇപ്പോൾ ഞാൻ സാധാരണയായിട്ടു പറയുന്നതുപോലെ പറയട്ടെ എന്നാൽ ഇത് ജനങ്ങൾക്ക് ഇഷ്ടവും അല്ല- അതായത് ദൈവം പ്രാർത്ഥന കേൾക്കുന്നില്ല എന്ന്. ദൈവം ഉത്തരം നല്കുന്ന പ്രാർത്ഥന എന്നത് എല്ലാ മേഖലകളിലും നിന്നുമുള്ള നമ്മുടെ ആശ നഷ്ടപ്പെടുമ്പോൾ, കർത്താവിൽ മാത്രം ആശ്രയം പൂർണ്ണമായിട്ട് വച്ചുകൊണ്ടുള്ള പ്രാർത്ഥനയ്ക്കാണ്. നമ്മുടെ പ്രാർത്ഥന ജീവിതം കാണിക്കുന്നത് നാം എത്രമാത്രം നമ്മുടെ കഴിവുകളിൽ ആശ്രയിക്കാതിരിക്കുന്നു എന്നുള്ളതാണ്. അതുപോലെ നിങ്ങൾ എത്രമാത്രം വാസ്തവത്തിൽ ഹൃദയംകൊണ്ട് വിശ്വസിക്കുന്നു. ഗാനങ്ങൾ പാടുമ്പോൾ, എന്റെ കരങ്ങളിൽ ഒന്നും തന്നെ കൊണ്ടുവരുന്നില്ല ഞാൻ അങ്ങയുടെ ക്രൂശിൽ ചാരുന്നു. എന്നൊക്കെയാണ്. താങ്കളുടെ അമിത ആത്മവിശ്വാസം സൂചിപ്പിക്കുന്നത്, താങ്കൾ വളരെ കുറച്ച് മാത്രമേ പ്രാർത്ഥിക്കുന്നുള്ളൂ എന്നാണ്. കുറച്ച് ആത്മവിശ്വാസം ഉള്ളവർ കൂടുതൽ പ്രാർത്ഥിക്കുന്നവരായിരിക്കും.

ദൈവവചനം എന്താണ് പറയുന്നത്? വചനം പറയുന്നത് താഴ്മ ഉള്ളേടത്താണ് ദൈവം പ്രവർത്തിക്കുന്നത് എന്നാണ്. അപ്പോസ്തലനായ പൗലൊസ് 1കൊരി. 1:28 പറയുന്നത് നമുക്ക് ഒന്ന് ശ്രദ്ധിക്കാം. " ഉള്ളതിനെ ഇല്ലായ്മയാക്കുവാൻ ദൈവം ലോകത്തിൽ കുലഹീനവും നികൃഷ്ടവുമായതും ഏതു ഇല്ലാത്തതും തിരഞ്ഞെടുത്തു. ദൈവസന്നിധിയിൽ ഒരു ജഡവും പ്രശംസിക്കാതിരിക്കേണ്ടതിനു തന്നേ (1കൊരി. 1:28,29). നമുക്ക് ഇന്നു ആവശ്യം ആയിരിക്കുന്നത് കുറെ ഒന്നുമല്ല എന്നുള്ള നമ്മുടെ മനോഭാവം ആണ്.

ദരിദ്രന്റെ ഭാഷ

പ്രാർത്ഥന എന്നത് ദരിദ്രന്റെ ഭാഷയാണ്. ആവർത്തിച്ച് ആവർത്തിച്ച് യിസ്രായേലിന്റെ മധുരഗായകനും രാജാവുമായ ദാവീദ് പറയുന്നത്, " യഹോവേ, ചെവിചായ്ക്കേണമേ; എനിക്കുത്തരമരുളേണമേ; ഞാൻ ദരിദ്രനും ആകുന്നു " (സങ്കീ. 86:1). അതുപോലെ താങ്കൾ ഓർക്കുന്നുണ്ടോ താൻ എഴുതിയ മനോഹരമായ മറ്റൊരു സങ്കീർത്തനം, ഈ എളിയവൻ നിലവിളിച്ചു; യഹോവ കേട്ടു; അവന്റെ സകല കഷ്ടങ്ങളിൽ നിന്നു അവനെ രക്ഷിച്ചു (സങ്കീ. 34:6).

അപ്പോസ്തലനായ പൗലൊസ് തന്റെ ആത്മീകത, വംശാവലി അസമാനമായ ബുദ്ധിശ്കിതകൊണ്ടു എന്നെ വീർപ്പുമുട്ടിക്കുകയാണ്. എന്നിട്ടു താൻ പറയുന്നത് ക്ഷീണത്തിലും വളരെ ശക്തനാണെന്നാണ്. മറ്റുള്ളവരുടെ മുമ്പാകെ താൻ ആരും അല്ലെന്നുള്ള ചിന്തയാണ് ഉണ്ടായിരുന്നത്.

ശരിയായ പ്രാർത്ഥന എന്നാൽ അതു ഒരു തരത്തിൽ പറഞ്ഞാൽ രണ്ടു വശത്തേക്കുമുള്ള ഒരു നല്ല ആശയവിനിമയം ആണ്. അതായത് ഞാൻ ദൈവത്തോട് സംസാരിക്കുന്നു. ദൈവം എന്നോടും സംസാരിക്കുന്നു. എന്നാൽ എനിക്ക് അറിയില്ല ആത്മാവ് എങ്ങനെയാണ് ആശയവിനിമയം നടത്തുന്നതെന്ന്. അല്ലെങ്കിൽ ദൈവം എന്തിനാണ് ഞാൻ പ്രാർത്ഥിക്കണം എന്ന് ആവശ്യപ്പെടുന്നത്. എന്നാൽ അങ്ങനെയാണ് ദൈവം പ്രവർത്തിക്കുന്നത്.

എഴുന്നേറ്റു പ്രാർത്ഥിക്കുക

ഒരു ദിവസം ഞാൻ ഡോ. വി.റയമണ്ട് എഡ്വ്മാൻ പങ്കെടുത്ത വീറ്റൻ കോളെജിലെ ഒരു കോൺഫറൻസിൽ പങ്കെടുത്തു. അദ്ദേഹം ഞങ്ങളോട് ചില അനുഭവങ്ങൾ പങ്കുവെച്ചും ഇക്വഡോറിൽ ഒരു മിഷനറി ആയിട്ട് പ്രവർത്തിച്ചിരുന്ന കാലഘട്ടത്തിൽ സംഭവിച്ചത്. ആ കാലഘട്ടങ്ങളിൽ രോഗം വന്ന് മരണത്തോളം ആയി തീർന്നു. അവിടെയുള്ള ജനങ്ങൾ താൻ മരിച്ചുപോകുമെന്നുള്ള ചിന്തയിൽ ശവം അടക്കുന്നതിനുള്ള കുഴിപോലും എടുത്തിരുന്നു. നെറ്റിയിൽ കൂടി വലിയ വിയർപ്പ് തുള്ളികൾ വന്നത് തൊണ്ടയുടെ ഭാഗത്തു വരികയും മരണത്തിന്റെ പേടി തന്നെ അലട്ടുകയും ചെയ്തിരുന്നു. പെട്ടെന്ന് തന്റെ ബെഡ്ഡിൽ നിന്ന് ചാടി എഴുന്നേറ്റ് ശരിയായി ഇരുന്നിട്ട് ഭാര്യയോടു പറഞ്ഞു. എ ന്റെ വസ്ത്രം കൊണ്ടുവരുവീൻ ആർക്കും ഒന്നും അറിയുവാൻ കഴിഞ്ഞിരുന്നില്ല എന്താണ് സംഭവിച്ചതെന്ന്.

എന്നാൽ അനേകം വർഷങ്ങൾക്ക് ശേഷം ബോസ്റ്റണിൽ വച്ച് അവൻ ആകാം വീണ്ടും പറയുകയുണ്ടായി. അതിനുശേഷം ഒരു ചെറിയ പ്രായമുള്ള സ്ത്രീ, താളുകളടങ്ങിയിട്ടുള്ള, വളരെ അവളെ ചിന്താകുഴപ്പത്തിലാക്കിയ ആ പുസ്തകവുമായിട്ട് അവനെ സമീപിച്ചിട്ട് ചോദിച്ചു നിങ്ങൾ മരിക്കുമെന്ന് പറഞ്ഞ ദിവസം എന്നായിരുന്നു? ഇക്വഡോറിൽ അപ്പോൾ എത്രയായിരുന്നു സമയം? ബോസറ്റണിൽ എന്ത് സമയത്തായിരുന്നു?അവൻ അവളോടു ഉത്തരം പറഞ്ഞപ്പോൾ, അവളുടെ ചുളിവു വീണ മുഖം പ്രകാശിച്ചു. അവളുടെ പുസ്തകത്തെ ചൂണ്ടി കാണിച്ചുകൊണ്ട്, അവൾ പറഞ്ഞു നിങ്ങൾ കാണുക, അത് അവിടെ ഉണ്ട്? 2 മണി പ്രഭാത സമയത്ത് ദൈവം പറഞ്ഞു എഴുന്നേറ്റ് പ്രാർത്ഥിക്കുക- ഇക്വഡോറിൽ ഡയമണ്ട് എഡ്വമാനെ പിശാച് തകർ ക്കുവാൻ ശ്രമിക്കുകയാണ്. അവൾ ആ സമയത്ത് തന്നെ ഉറക്കത്തിൽ നിന്ന് എഴുന്നേറ്റ് പ്രാർത്ഥിച്ചു.

അതുപോലെ ഡൻകൻ ക്യാംബെൽ ഒരു പ്രാർത്ഥിക്കുന്ന കർഷകന്റെ കഥ പറഞ്ഞത് കേട്ടിട്ടുണ്ട്. ഗ്രീസിനു വേണ്ടി പ്രാർത്ഥിക്കുകയായിരുന്നു അവൻ. അതിനു ശേഷം അവൻ തന്നോട് തന്നെ ഇങ്ങനെ ചോദിക്കുകയുണ്ടായി. എന്തിനാണ് ഇങ്ങനെ പ്രാർത്ഥിക്കേണ്ടിയിരിക്കുന്നതെന്ന്? അവൻ പറഞ്ഞു. എനിക്ക് അറിയില്ല. എനിക്ക് ആത്മാവിൽ ഒരു വലിയ ആത്മഭാരം ഉണ്ട്, ദൈവം എന്നോട് പ്രാർത്ഥിക്കുവാനും പറഞ്ഞു: വളരെ പ്രശ്ന സങ്കീർണ്ണതയിൽ കൂടി കടന്നുപോകുന്ന ഒരു മനുഷ്യൻ ഗ്രീസിലുണ്ട്. ഒരു വിടുതൽ കിട്ടുന്ന സമയം വരെ ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. രണ്ട് മൂന്ന് വർഷങ്ങൾക്കു ശേഷം ഈ കർഷകൻ ഒരു മിഷനറിയുടെ മീറ്റിംഗിൽ പങ്കെടുക്കുകയുണ്ടായി. അവിടുത്തെ ശുശ്രൂഷ വളരെ ശ്രദ്ധിച്ച് കേൾക്കുകയും ചെയ്തു. ആ മനുഷ്യൻ ഇങ്ങനെപറഞ്ഞു. രണ്ട് മൂന്ന് വർഷങ്ങൾക്ക് മുമ്പ് ഞാൻ ഗ്രീസിലായിരുന്ന സമയത്ത് വളരെ പ്രതിസന്ധിയിൽ കൂടി കടന്നുപോകേണ്ടി വന്നു. ആ സമയം? രണ്ട് മൂന്ന് വർഷങ്ങൾക്ക് മുമ്പായിരുന്നു. ആ മനുഷ്യൻ വളരെ കാര്യങ്ങൾ ശ്രദ്ധിച്ച് കൊണ്ട് ഇങ്ങനെ തന്റെ നോട്ടുകൾ ഒക്കെ ഒന്നു പരിശോധിച്ചപ്പോൾ തനിക്ക് മനസ്സിലായി, മൂന്ന് വർഷങ്ങൾക്ക് മുമ്പ് ആ കർഷകന്റെ ഹൃദയത്തിൽ ദൈവം ഒരു ആത്മഭാരം പ്രാർ ത്ഥനയ്ക്കായിട്ട് കൊടുത്തത്, സ്കോട്ട്ലണ്ടിലെ ഒരു മനുഷ്യനുവേണ്ടി അവൻ ഇതുവരെയും അറിഞ്ഞിട്ടില്ലാത്ത ആ വ്യക്തിക്കുവേണ്ടി പ്രാർത്ഥിച്ചത്.

ഇത് കാണുമ്പോൾ താങ്കൾ ഇങ്ങനെ ചിന്തിച്ചേക്കാം ദൈവം വളരെ അപൂർവ്വമായ കാര്യങ്ങളാണ് ചെയ്യുന്നത്. ഞാൻ അത് ശ്രദ്ധിക്കുന്നില്ല. ദൈവം നിങ്ങളോടു എന്തെങ്കിലും പറഞ്ഞാൽ, നിങ്ങളോട് ദൈവം പറഞ്ഞതു അനുസരിച്ച് ചെയ്യുക.

ആരാണ് ദൈവത്തിന്റെ പർവ്വതത്തിൽ കയറുന്നത്?

സ്കോട്ട്ലണ്ടിൽ വെച്ച്

((ശേഷം 5-ാം പേജിൽ)

(4-ാംപേജിന്റെ തുടർച്ച)

പ്രാർത്ഥന

ഡൻകാൻ ക്യാമ്പെൽ വേറൊരു അനുഭവം കൂടി പറയുകയുണ്ടായി. എനിക്ക് പ്രസംഗിക്കുവാൻ കഴിഞ്ഞില്ല. അവൻ പറഞ്ഞു. എനിക്ക് ദൈവവുമായിട്ട് ബന്ധപ്പെടുവാൻ കഴിഞ്ഞില്ല. സ്വർഗ്ഗം വളരെ കടുപ്പം ഉള്ളതായി തീർന്നു. പത്ത് അടിയുള്ള സ്റ്റീലിന്റെ ഒരു സീംലിങ് പോലെ ആയിരുന്നു അത്. അവൻ വീണ്ടും പ്രസംഗിക്കുവാൻ ശ്രമിച്ചു. ജോൺ ക്യാമ്രൻ എന്ന ചെറുപ്പക്കാരനായ ഒരു വ്യക്തിയോട് തനിക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ പറഞ്ഞു. ആ ആൺകുട്ടി എഴുന്നേറ്റ് നിന്നിട്ട് ഇപ്രകാരം പറഞ്ഞു. ഞങ്ങൾ ദൈവസന്നിധിയിൽ ശരിയല്ലെങ്കിൽ പിന്നെ പ്രാർത്ഥിച്ചതു കൊണ്ട് എന്താണ് പ്രയോജനം? അവൻ സങ്കീർത്തനങ്ങൾ 24 അവിടെ കൂട്ടിചേർത്തു യഹോവയുടെ പർവ്വതത്തിൽ ആർ കയറും?

നമ്മുടെ കരങ്ങൾ വിശുദ്ധമല്ലെങ്കിൽ ദൈവത്തെ സമീപിക്കുവാൻ സാധ്യമല്ല, അതായത് മറ്റുള്ളവരുമായിട്ടുള്ള നമ്മുടെ ബന്ധം വിശുദ്ധവും ഹൃദയം ശുദ്ധിയുള്ളതുമായിരിക്കണം. യഹോവയുടെ പർവ്വതത്തിൽ ആർ കയറും? അവന്റെ വിശുദ്ധ സ്ഥലത്തു ആർ നില്ക്കും? വെടിപ്പുള്ള കയ്യും നിർമ്മഹൃദയവും ഉള്ളവൻ (സങ്കീ. 24:3-4).

ആ ആൺകുട്ടി 24-ാം സങ്കീർത്തനം ഇങ്ങനെ ഉരുവിട്ടതിനുശേഷം പ്രാർത്ഥക്കുവാൻ തുടങ്ങി. അവൻ 10,15,20 മിനിട്ടുകൾ പ്രാർത്ഥിച്ചു. അപ്പോൾ ഉടനെ അവൻ പറഞ്ഞു, എന്നോടു ക്ഷമിക്കേണമേ, ദൈവമേ, ഞാൻ പിശാചിനെ എതിർത്തപ്പോൾ അവൻ ചുറ്റി തിരിഞ്ഞ് പിശാചിനോട് പറഞ്ഞു എവിടെ പോകണം എങ്ങനെ അവിടെ കാര്യങ്ങൾ ചെയ്യാം. അവൻ അവന്റെ കൃപയ്ക്കൊത്ത് പിശാചിനോട് എതിർത്തു. നിങ്ങൾ പറയുന്നു കർത്താവിന്റെ സർവ്വായുധവർഗ്ഗം ധരിക്കണം, പിശാചിനോട് എതിർത്തു നില്ക്കണം എന്ന്! അവൻ പിശാചിനോട് എതിർത്തു നിന്നു തോല്പിച്ചപ്പോൾ അവൻ ഒരുവന്റെ പ്രാർത്ഥനയും നിർത്തി. 45 മിനിറ്റുകൾ അവൻ തുടർമാനമായി പ്രാർത്ഥിക്കുകയുണ്ടായി. അവന്റെ പ്രാർത്ഥന അവസാനിച്ചപ്പോഴെക്കും ദൈവം സ്വർഗ്ഗത്തിൽ നിന്നു പ്രവർത്തിക്കുവാൻ തുടങ്ങി. അത്ഭുതമെന്ന് പറയട്ടെ ദൈവത്തിന്റെ ആത്മാവ് ആ സഭയിൽ വന്നു, ആ സമൂഹത്തിൽ, ഠൗൺ അവസാനിക്കുന്ന ഭാഗത്ത് ഉണ്ടായിരുന്ന ആ ഡാൻസ് ഹാളിൽ, ആ ഠൗണ്ടിന്റെ അവസാന ഭാഗത്തുള്ള സത്രം/വഴിയമ്പലത്തിൽ തന്നെ ഇത് സംഭവിച്ചു. ആ പ്രാർത്ഥനയിൽ ഒരു വലിയ ഉണർവ്വ് സംഭവിക്കുകയാണ്.

മലാഖി പ്രവാചകൻ പറയുന്നത്, എനിക്കു മുമ്പായി വഴി നിരത്തേണ്ടതിനു ഞാൻ എന്റെ ദൂതനെ അയക്കുന്നു. നിങ്ങൾ അന്വേഷിക്കുന്ന കർത്താവും നിങ്ങൾ ഇഷ്ടപ്പെടുന്ന നിയമദൂതനുമായവൻ പെട്ടെന്നു തന്റെ മന്ദിരത്തിലേയ്ക്കു വരും; " ഇതാ അവൻ വരുന്നു എന്നു സൈന്യങ്ങളുടെ യഹോവ അരുളിചെയ്യുന്നു " (മലാഖി 3:1). ഓർമ്മിക്കു ആടുകളുടെ ഇടയന്മാരെ കുറിച്ച് എന്താണ് ഇവിടെ പറയുന്നത്? അവർ രാത്രികാലങ്ങളിൽ ഉണർന്നിരുന്ന് അവരുടെ ആടുകളെ സൂക്ഷിക്കുകയും, കാക്കുകയും ചെയ്യുന്ന സമയത്ത് പെട്ടെന്ന് സ്വർഗ്ഗത്തിൽ നിന്ന് ഒരു വലിയ ശബ്ദം അവർ കേൾക്കുകയും ചെയ്യുന്നു. നിങ്ങൾ ചിന്തിക്കുന്നുണ്ടോ കുറെ മനുഷ്യർ ആ പ്രാർത്ഥന മുറിയിൽ കാത്തിരിക്കുന്നുണ്ട് എന്ന്? പെട്ടെന്ന് പരിശുദ്ധാത്മാവ് ആ മുറിയിലേക്കു വരുന്നു.

ചരിത്രത്തിൽ തന്നേ ഒരു ദിവസത്തെ ഞാൻ വളരെ സ്നേഹിക്കുന്നു. അത് 1737 ആഗസ്റ്റ് 13-ാം തീയതിയാണ്. ഒരു ചെറിയ കൂട്ടം വിശുദ്ധന്മാർ മൊറെവിയിൽ പ്രാർത്ഥനയ്ക്കായിട്ട് കൂടിചേർന്നു, 11 മണിയായപ്പോൾ പരിശുദ്ധാത്മാവ് അവിടേയ്ക്ക് വന്നു. നിങ്ങൾക്ക് അറിയാമോ അവിടെ എന്തു സംഭവിച്ചുവെന്നു? ആ 11 മണിക്ക് തുടങ്ങിയ പ്രാർത്ഥന കഴിഞ്ഞ 100 വർഷങ്ങളായിട്ട് നിലനില്ക്കുന്നു! അത് ശരി. ആ പ്രാർത്ഥന മുറി കഴിഞ്ഞ നൂറ് വർഷങ്ങളായിട്ട് വെറുതെ ശൂന്യം ആയിട്ട് കിടക്കുന്നില്ല! എനിക്ക് അറിയാവുന്ന പ്രാർത്ഥന വീരന്മാരായ പുരുഷന്മാരുടെയും സ്ത്രീകളുടെയും പ്രാർത്ഥനയാണ് ഇത്. അതായത് 6/7 വയസ്സുമാത്രം പ്രായമുള്ള കുട്ടികൾ ഈ പ്രാർത്ഥനയ്ക്കായിട്ട് രാജ്യങ്ങളിൽ കൂടി യാത്ര ചെയ്യുന്നു. അവർക്ക് സ്ഥലങ്ങളുടെ ഒരു പേരും തന്നെ ശരിയായിട്ട് ഉച്ചരിക്കുവാൻ പറ്റുന്നില്ല.

എന്തുകൊണ്ടാണ് ഉണർവ്വ് നമ്മിൽ സംഭവിക്കാത്തത്?

അയർലണ്ടിലെ ഒരു പഴയ ഠൗണിൽ നാല് ചെറുപ്പക്കാരായ ദൈവമക്കൾ ഓരോ രാത്രികളിലും ഒരു വലിയ ഉണർവ്വിനായിട്ട് പ്രാർത്ഥിക്കുവാൻ തുടങ്ങി. വെയിൽസിൽ 18/19 വയസ്സുള്ള മൂന്നു നാല് വളരെ ചെറുപ്പക്കാരായ ദൈവമക്കൾ ഓരോ രാത്രികളിലും പ്രാർത്ഥിക്കുന്നതിനായിട്ട് കൂടി ചേർന്നു. അവർ ദൈവത്തെ മുറുകെ പിടിച്ചു. ദൈവത്തെ അവിടുന്ന് വിട്ടില്ല. അവർ ഒരു മറുപടിയ്ക്കായിട്ട് കാത്തിരുന്നില്ല. ആ ചെറുപ്പക്കാരുടെ കഴിവുകൾ അനുസരിച്ച് ഒരു ഉണർവ്വിനായിട്ട് പ്രാർത്ഥിക്കുകയും അങ്ങനെ ഒരു ഉണർവ്വ് ജന്മം എടുക്കുകയും ചെയ്തു. നിങ്ങളുടെ സഭയിൽ ഒരു ഉണർവ്വിനായിട്ട് ചിന്തിക്കുന്നുവെങ്കിൽ, മറക്കാതിരിക്കുക, അതിനായിട്ട് ചില വില കൊടുക്കേണ്ടി ഇരിക്കുന്നു.

അമേരിക്കയിൽ ഞങ്ങൾക്ക് ഉണർവ് ഉണ്ടാകാത്തതിന്റെ ഒരു പ്രധാനപ്പെട്ട കാരണം നിങ്ങളോടു പറയട്ടെ. എന്തുകൊണ്ടെന്നാൽ ഇത് ഇല്ലാതെ തന്നെ ഞങ്ങൾ സംതൃപ്തിയുള്ളവരാണ്. ഞങ്ങൾ ദൈവത്തെ അന്വേഷിക്കുന്നില്ല--- ഞങ്ങൾ അത്ഭുതങ്ങൾ കാണാൻ ആഗ്രഹിക്കുന്നു. ഞങ്ങൾ വലിയ ക്രൂസേഡുകൾ സംഘടിപ്പിക്കുവാൻ താല്പര്യപ്പെടുന്നു. പുറപ്പാടിന്റെ പുസ്തകത്തിൽ 11-ാം അധ്യായം മോശെ ദൈവത്തോട് പറയുകയാണ്, എനിക്ക് പരിഹരിക്കുവാൻ കഴിയാത്ത ഭാരം ഞാൻ ചുമക്കുവാൻ പറയുകയാണ്. എന്തെങ്കിലും ചെയ്യുക അല്ലെങ്കിൽ എന്നെ കൊല്ലുക! നിങ്ങൾ അമേരിക്കയെ സ്നേഹിക്കുന്നുണ്ടോ? എന്ന് പരമാർത്ഥഹൃദയത്തോടെ പറയുവാൻ കഴിയുമോ? ദൈവമേ ഉണർവിനെ അയക്കുക അല്ലെങ്കിൽ എന്നെ കൊല്ലുക? പേടിക്ക്ഹെൻറിയുടെ പ്രാർത്ഥന ഇവിടെ വളരെ പ്രസക്തമാണ്. എന്നെ മോചിപ്പിക്കൂ അല്ലെങ്കിൽ എനിക്ക് മരണം തരുക, ഉണർവ്വിനെ തരുക അല്ലെങ്കിൽ ഞാൻ മരിക്കട്ടെ.

ഉല്പത്തി 30-ാം അധ്യായത്തിൽ റാഹേൽ യാക്കോബിനോട് വളരെ നിരാശയോടുകൂടി ചെന്ന് പറയുകയാണ്, എനിക്ക് മക്കളെ തരിക അല്ലെങ്കിൽ ഞാൻ മരിച്ചുപോകുമെന്ന്. നിങ്ങളുടെ രാജ്യത്ത് ചില ആത്മീകതയുള്ള കുട്ടികൾ ജന്മം എടുക്കുന്നതിനു വേണ്ടി രാജ്യത്ത് ആത്മീക ഉണർവ്വ് സംഭവിക്കുവാൻ വേണ്ടി ദൈവമുമ്പാകെ മുഴങ്കാലുകൾ മടക്കുവാൻ തയാറാണോ?

ആൾക്കാർ പറയാറുണ്ട്, ഞങ്ങൾ പരിശുദ്ധാത്മാവിൽ നിറയപ്പെട്ടവരാണ് എന്ന്. പരിശുദ്ധാത്മാവിന്റെ വരവ് നിങ്ങളുടെ പ്രാർത്ഥന ജീവിതത്തിൽ ഒരു വിപ്ലവാത്മകമായ സംഭവങ്ങൾ പ്രവർത്തിക്കുന്നില്ലെങ്കിൽ, അത് താങ്കൾ ഒരു പ്രാവശ്യം ഒന്നു പരിശോധിക്കേണ്ടത് വളരെ ആവശ്യമാണ്. ഞാൻ ഒരു കാര്യം പറയട്ടെ. ദൈവം നിങ്ങളുടെ ജീവിതത്തിൽ നല്കി തരുവാൻ ആഗ്രഹിച്ചതല്ല ഇപ്പോൾ നിങ്ങൾക്ക് ലഭിച്ചിരിക്കുന്നത് എന്നുള്ള പരമമായ സത്യം.

നമ്മൾ നേരത്തെ പറഞ്ഞുവല്ലോ പ്രാർത്ഥനയിൽ കൂടി വലിയ കാര്യങ്ങൾ സംഭവിക്കുമെന്ന്. അല്ല, പ്രാർത്ഥന കാര്യങ്ങളെ മാറ്റി മറിക്കുന്നില്ലേ. പ്രാർത്ഥനകൾ ജനത്തെ വലിയ മാറ്റങ്ങളിലേക്കു നയിക്കുകയും അവർ കാര്യങ്ങളെ മാറ്റി മറിക്കുകയുമാണ് ചെയ്യുന്നത്. ഗബ്രിയേൽ ദൂതൻ തന്റെ ജോലി നമുക്കായിട്ട് ചെയ്യണമെന്ന് എല്ലാവരും ആഗ്രഹിക്കുന്നു. എന്നാൽ ദൈവം നമ്മോട് പറയുന്നത് നാം തന്നെ ആ

(ശേഷം 8-ാം പേജിൽ)

“ പിശാചിന്റെ തന്ത്രങ്ങളോടു എതിർത്തു നില്പാൻ കഴിയേണ്ടതിനു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ. നമുക്കു പോരാട്ടം ഉള്ളതു ജഡരക്തങ്ങളോടല്ല. വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രെ. അതുകൊണ്ട് നിങ്ങൾ ദുർദ്ദിവസത്തിൽ എതിർപ്പാനും സകലവും സമാപിച്ചിട്ടു ഉറെച്ചു നില്പാനും കഴിയേണ്ടതിനു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ ” (എഫെ. 6:11-13).

ഇവിടെ വിശുദ്ധവേദവചനത്തിൽ കൂടി നമ്മോടു പറയുന്നത് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊള്ളണം എന്നാണ്. ഈ ചെറിയ വായനഭാഗത്ത് തന്നെ രണ്ട് പ്രാവശ്യം ഇത് ലേഖകൻ എടുത്ത് പറയുന്നുണ്ട്. എന്തുകൊണ്ടാണ് നാം ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിക്കണമെന്ന് പറയുന്നത്? അങ്ങനെയെങ്കിൽ മാത്രമേ നമുക്ക് പിശാചിന്റെ തന്ത്രങ്ങളോടു എതിർത്തു നില്ക്കുവാൻ കഴിയുകയുള്ളൂ. അതുകൊണ്ട് പിശാച് ദുർദ്ദിവസത്തിൽ എപ്പോൾ വന്നാലും നമുക്ക് അവനോട് എതിർത്തു നില്ക്കുവാൻ കഴിയും.

ദൈവമക്കളെ സംബന്ധിച്ചിടത്തോളം അവർക്ക് കവചമായ ഈ സംരക്ഷണ വസ്ത്രം വളരെ പ്രധാനപ്പോട്ടതാണ്. നമുക്കു നമ്മുടെ ജീവിതയാത്രയിൽ പിശാചുമായിട്ടുള്ള ഏറ്റുമുട്ടലുകളിലാണ് ആയിരിക്കുന്നതെന്നുള്ള ബോദ്ധ്യം നമുക്ക് നഷ്ടപ്പെടുത്താതെ കാത്തു സൂക്ഷിക്കുന്നുവെങ്കിൽ, നമ്മുടെ കുഞ്ഞുങ്ങളുടെ ജീവിതവും നമ്മുടെ നഷ്ടങ്ങളുടെ കണക്കുകളും എല്ലാം തന്നെ ആത്മീക ദർശനങ്ങളാൽ നാം സമീപിക്കുന്നില്ലെങ്കിൽ നാം വളരെ ദയനീയമായിട്ടു പരാജയപ്പെട്ട് തകർന്നുപോകും. പ്രലോഭനങ്ങൾ കടന്നു വന്നേക്കാം. പക്ഷേ നാം ശരിയായിട്ടുള്ള തയാറെടുപ്പ് ഉള്ളവരാണോ? പീഢനങ്ങൾ വന്നേക്കാം സർവ്വായുധവർഗ്ഗം ധരിക്കപ്പെട്ടവരായിട്ട് നാം എതിർത്ത് നില്പാൻ ശക്തരാണോ? ക്രിസ്തീയ കുടുംബാംഗങ്ങൾ എല്ലാം ആക്രമണത്തിന്റെ ഭീഷണിയിലാണ്. നാം എല്ലാ ദിവസവും സർവ്വായുധവർഗ്ഗം ധരിക്കണം, അല്ലെങ്കിൽ പിശാച് നമ്മെ ഏതു സമയത്തും ഏതു ഭാഗത്തു നിന്നും ആക്രമിക്കുവാൻ സാധ്യതയുണ്ട്.

ക്രിസ്തുവിനെ ധരിച്ചിരിക്കുന്ന ഒരു കുടുംബം

By Kim Butts

സർവ്വായുധവർഗ്ഗം എങ്ങനെയാണ് നാം ധരിക്കേണ്ടത്? ഞാൻ ശുപാർശ ചെയ്യുന്നത് ഇത് പ്രാർത്ഥനയോടുകൂടി ചെയ്യേണ്ടതായ ഒരു കാര്യമായിട്ടാണ്. എല്ലാ ദിവസവും പ്രഭാതത്തിൽ കുടുംബത്തിലുള്ളവരെല്ലാം പ്രാർത്ഥനയ്ക്കായിട്ട് ഒരുമിച്ച് കൂടണം. അതിനുശേഷം ഓരോരുത്തർക്കു അവരുടെതായ പ്രവർത്തി പദങ്ങളിലേയ്ക്ക് പോകാൻ കഴിയണം. സത്യസന്ധതയും ആത്മാർത്ഥയും ഉള്ളവരായി നാം മാറേണം.

നിങ്ങളെ തന്നേ ക്രിസ്തുവിനോട് ചേർത്ത് ധരിക്കണം

വളരെ തിരക്കുള്ളതും സങ്കീർണ്ണവുമായ നമ്മുടെ ജീവിത സാഹചര്യങ്ങളിൽ കുടുംബം ഒരുമിച്ച് കൂടിവരുന്നത് വളരെ ബുദ്ധിമുട്ട് ഏറിയ ഒരു കാര്യം ആണ്. നമുക്കെല്ലാവർക്കും അറിവുള്ള കാര്യം ആണല്ലോ പന്തയം വയ്ക്കുക എന്നുള്ളത്. എല്ലാ ദിവസവും നമ്മുടെ ജീവിതങ്ങളെ പ്രാർത്ഥന എന്ന വസ്ത്രം കൊണ്ട് ധരിപ്പിക്കണം. അതെ, കർത്താവിന് നമ്മുടെ കുഞ്ഞുങ്ങളെ കുറിച്ച് വ്യക്തമായ ഒരു പദ്ധതിയുണ്ട്. എന്നാൽ പിശാച് അവിടെ പ്രവർത്തിക്കുന്നു. അതുകൊണ്ട് നാം കല്പനപ്രകാരം സർവ്വായുധവർഗ്ഗം ധരിക്കുക മാത്രമല്ല ചെയ്യാനുള്ളത്, എന്നാൽ അപ്പോസ്തലനായ പൗലൊസ് റോമർ 13:14-ൽ പറയുന്നപ്രകാരം ആയി തീരേണം. “ കർത്താവായ യേശുക്രിസ്തുവിനെ തന്നേ ധരിച്ചുകൊൾവിൻ. മോഹങ്ങൾ ജനിക്കുമാറു ജഡത്തിനായി ചിന്തിക്കരുത് (റോമ. 13:14) പൗലൊസ് ദൈവമക്കളോടു എല്ലാവരെയും ആഹ്വാനം ചെയ്തുകൊണ്ട് പറയുകയാണ്, യേശുക്രിസ്തുവിനെ നമ്മുടെ രക്ഷകനും ദൈവവുമായിട്ട് നാം ഹൃദയത്തിൽ വിശ്വസിച്ച് ജീവിക്കുമ്പോൾ അകത്ത് നടക്കുന്ന പ്രവർത്തിയുടെ ഫലങ്ങൾ പുറത്തെ മനുഷ്യനിൽ വെളിപ്പെട്ടുവരുന്നു എന്ന്. നമ്മുടെ കുടുംബത്തിൽ, നമ്മുടെ സുഹൃത്തുക്കളിൽ നമ്മുടെ ചുറ്റുമുള്ള ലോകം ഇവിടെയെല്ലാം യേശുക്രിസ്തുവിനെ നാം ധരിച്ചിരിക്കുന്നതിന്റെ പ്രതിഫലനങ്ങൾ വെളിപ്പെടുത്തണം. എല്ലാ പ്രതലങ്ങളിലും പാപത്തിന്റെ വശീകരണ ശക്തി പതുങ്ങി കിടക്കുകയാണ്, എന്നിരുന്നാലും യേശുക്രിസ്തുവിനെ നാം ധരിച്ചിരിക്കുന്നുവെങ്കിൽ കൂടുതലായി നാം അവനെ പോലെയുള്ളവരായിരിക്കും.

ദൈവത്തിന്റെ സർവ്വയുധവർഗ്ഗം ധരിക്കുക എന്നതിന്റെ അർത്ഥം ക്രിസ്തുവിനെ ധരിക്കുക എന്നുള്ളതാണെന്ന് ഞാൻ മനസ്സിലാക്കിയപ്പോൾ വാസ്തവത്തിൽ ഞാൻവളരെ അത്ഭുതപ്പെട്ടുപോയി! ഉദാഹരണമായിട്ട് ഞാൻ അരെക്കു സത്യം കെട്ടുമ്പോൾ (എഫെ. 6:14), ഞാൻ യേശുവിനെയാണ് അവിടെ ധരിക്കുന്നത്, കാരണം അവനാണല്ലോ സത്യത്തിന്റെ ശരിയായ മൂർത്തീകരണ ഭാവം. “ ഞാൻ നീതി എന്ന കവചം ധരിക്കുമ്പോൾ ” (എഫെ. 6:14), ഞാൻ യേശുക്രിസ്തുവിനോട് അനുസരണമുള്ളവരായിട്ട് തീരണം.അവനാണല്ലോ സമാധാനത്തിന്റെ സുവിശേഷവും (ചെരുപ്പ്) അവനാകുന്നു നമ്മുടെ രക്ഷയും (ശിരസ്ത്രംവും) ആയുള്ളവൻ.

വിശ്വാസത്തിന്റെ പരിചയും ആത്മാവിന്റെ വാളും

നാം കർത്താവിന്റെ സർവ്വായുധവർഗ്ഗം യേശുക്രിസ്തുവിനോട് ചേർത്ത് ധരിക്കുമ്പോൾ ഇവിടെ രണ്ട് പ്രധാനപ്പെട്ട വസ്തുതകൾ കൂടി നാം ഓർക്കേണം. ഒന്നാമത്തെത് വിശ്വാസത്തിന്റെ പരിച ധരിക്കുക, എല്ലാറ്റിനും മീതെ ദുഷ്ടന്റെ തീയമ്പുകളെ ഒക്കെയും കെടുക്കുവാന്തക്കതായ വിശ്വാസം എന്ന പരിച എടുത്തുകൊണ്ട് നില്പിൻ ” (എഫെ.6:16). നാം ക്രിസ്തുവിനെ ധരിക്കുമ്പോൾ വിശ്വാസത്തോടെയാണ് ഇത് പ്രവർത്തിക്കുന്നത്. അവന്റെ അത്യന്തശക്തി നമ്മിൽ പ്രവർത്തിക്കുകയും നമ്മുടെ അകത്തു അവനെ അനുഗമിക്കണം എന്നുള്ള ദൃഢമായ ഒരു തീരുമാനം ഉയരുകയും അത് പുറമേ മറ്റുള്ളവർ കാൺകെ പ്രവർത്തിക്കുവാൻ നമ്മെ ശക്തീകരിക്കുകയും ചെയ്യും.

ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ടതായ കാര്യം മുകളിൽ വിവരിച്ചിരിക്കുന്ന ദൈവത്തിന്റെ സർവ്വായുധവർഗ്ഗത്തിന്റെ ഓരോ ഭാഗങ്ങളുടെയും ഉദ്ദേശം ശത്രുവിനെ എതിരിടുക എന്നതിനുവേണ്ടിയാണ്. സംരക്ഷണ വസ്തു വളരെ പ്രധാനപ്പെട്ടതാണ്. യേശു തന്റെ എതിരാളികളിൽ നിന്ന് വളരെ അപമാനം ഏല്ക്കേണ്ടി വന്നു. രണ്ടാമത്തെ ഘടകം “ രക്ഷ എന്ന ശിരസ്ത്രവും ദൈവവചനം എന്ന ആത്മാവിന്റെ വാളും കൈകൊൾവിൻ ” (എഫെ. 6:17). യോഹന്നാന്റെ സുവിശേഷം 1:1-ൽ നാം യേശുക്രിസ്തുവിനെ കുറിച്ച് വായിക്കുന്നത് “ ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെ ആയിരുന്നു ”. വചനം ദൈവം ആയിരുന്നു. ദൈവവചനം എന്ന വാള് നമ്മോട് എടുക്കുവാൻ പറയുമ്പോൾ, നാം യേശുവിനെയാണ് ധരിക്കുന്നത്. മരുഭൂമിയിൽ പിശാചിനാൽ യേശുക്രിസ്തു പരീക്ഷിക്കപ്പെട്ടപ്പോൾ എങ്ങനെയാണ് പിശാചിനെ അവൻ നേരിട്ടത്? അവിടന്ന് ദൈവത്തിന്റെ വചനം ഉപയോഗിച്ചാണ്. പിശാചിനോട് എതിർത്തത് നാമും അങ്ങനെ തന്നെ ആയിരിക്കണം.

പ്രാർത്ഥനയിൽ കൂടി ധരിക്കുക

കുടുംബങ്ങളെ നിങ്ങൾ ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിക്കപ്പെട്ട സുരക്ഷിതരാണോ? അങ്ങനെ അല്ല എങ്കിൽ അത് ധരിക്കണം. അതു ഒരു ലളിതമായ പ്രാർ

(ശേഷം 8-ാം പേജിൽ)

ക്രിസ്തു സർവ്വത്തിനും മതിയായവൻ

By F.B.Meyer (1847 - 1929)

" ഞാൻ അൾഫയും ഒമേഗയും ആകുന്നു " (വെളി. 1:8, 22:13). ഗ്രീക്ക് അക്ഷരമാലയിലെ ആദ്യത്തേതും അവസാനത്തേതുമാണ് ഈ അക്ഷരങ്ങൾ എന്നുള്ള വസ്തുത വിശദീകരിക്കുന്നത് അത്ര എളുപ്പമായ കാര്യമല്ല. ഈ അക്ഷരങ്ങൾ ഇതിന്റെ ഇടയിൽ വരുന്ന മറ്റുള്ള എല്ലാ അക്ഷരങ്ങളെയും ഒരു സ്വർണ്ണത്തിന്റെ കൊളുത്തിട്ട് ബന്ധിപ്പിച്ച് അടച്ച് വച്ചിരിക്കുന്നതുപോലെയാണ്.

യേശുക്രിസ്തുവാണ് നമ്മുടെ ഏതു ആവശ്യവും പരിഹരിക്കുവാനുള്ള ഒരു ഉത്തമ പരിഹാരകൻ. ആൽഫ എന്ന അക്ഷരത്തിൽ തുടങ്ങുന്ന അവിടുത്തെ ആസ്തികത്വം നാം മറ്റുള്ള എല്ലാ അക്ഷരങ്ങളും വാക്കുകളും ഉപയോഗിച്ച് പരിശോധിച്ച് വരുമ്പോൾ അത് നമ്മുടേതായ കുറവുകളിലേക്ക് നയിക്കപ്പെടുന്നു. ഇവിടെ ഉയർന്നു വരുന്ന ഒരു ചോദ്യം നമ്മളിൽ ചിലർ എന്നെങ്കിലും യേശുവിന്റെ സമ്പൂർണ്ണതയെ കുറിച്ച് അറിയുവാൻ ശ്രമിച്ചിട്ടുണ്ടോ എന്നും, അതുപോലെ നമ്മുടെ ജീവിതത്തിലെ എണ്ണമറ്റ ആവശ്യങ്ങൾക്കു വേണ്ടി മുഖാമുഖം കർത്താവിനോട് ബന്ധപ്പെട്ടിരിക്കുന്നില്ലെങ്കിലും എന്നുള്ളതാണ്. പ്രകൃതി രമണീയമായ പർവ്വതനിരകളുള്ള ഒരു സ്ഥലത്തേക്ക് നിങ്ങൾ ഒരു സന്ദർശകനായിട്ട് യാത്ര പോകുമ്പോൾ, നിങ്ങൾക്ക് ലഭിക്കുന്ന യാത്ര സഹായി തന്റെ ഉള്ളിൽ ഉള്ള ആ ദേശത്തിന്റെ എല്ലാ സവിശേഷതകൾ മാത്രമാണ് നിങ്ങളോട് പറയുന്നത്. നിങ്ങളുടെ യാത്രയിൽ കാണുന്ന ഹിമതുല്യമായതു മഞ്ഞുകട്ടകൾ ഉള്ളതു ഭാഗങ്ങൾ കടന്നു പോയപ്പോഴും വായ് തുറുന്നിരിക്കുന്ന ഭൂമിയിലെ പിളർപ്പുകളുടെ മേലുള്ള പാലങ്ങളിൽ കൂടി യാത്ര ചെയ്തപ്പോഴും താഴേക്കു വീഴുന്ന ഹിമപാതത്തിൽ നിന്നു അവന്റെ അറിവുകൊണ്ടും ശ്രദ്ധകൊണ്ടു നിങ്ങൾ അത്ഭുതകരമായിട്ട് രക്ഷപ്പെട്ട് യാത്ര ചെയ്തു. അങ്ങനെ നാം യേശുക്രിസ്തുവിന്റെ കൂടെ യാത്ര ചെയ്യുമ്പോൾ നമ്മുടെ എല്ലാ ആവശ്യങ്ങളിലും ഒരു ഉത്തമ പരിഹാരകനായിട്ട് അവനെ കാണാം.

ഏറ്റവും താണ നിലത്തു നിന്ന് അവിടുത്തെ നാമത്തെ വീളിച്ചപേക്ഷിക്കുക. അവൻ ഒരു നാളും നമ്മുടെ കരച്ചിലുകളോ, ദീർഘശ്വാസമോ കേൾക്കാതെ അവിടുത്തെ കാതുകളെ നമ്മിൽ നിന്ന് മറെയ്ക്കുകയില്ല. അവിടുന്ന് നമ്മുടെ അടുക്കലേയ്ക്ക് കടന്നു വരും . നാം വിളിക്കുമ്പോൾ അവൻ നമ്മോടു പറയും, ഭയപ്പെടരുത്. നമ്മുടെ ആത്മാവിനു വേണ്ടി അവിടുന്ന് അപേക്ഷിക്കു. അവിടുന്ന് നമ്മുടെ ജീവനെ രക്ഷിക്കു.

എല്ലാ വർഷത്തിന്റെയും, മാസത്തിന്റെയും ദിവസത്തിന്റെയും മണിക്കൂറുകളുടേതുമായ അൽഫയും ഒമേഗയും ആയ അങ്ങ് എന്റെ ദൈവമേ, എന്റെ ജീവിതത്തിൽ പ്രവർത്തിക്കേണമേ. എല്ലാം പുതുതായിട്ട് ഒന്നു തുടങ്ങട്ടെ, അതു നിലനില്ക്കുകയും അങ്ങിൽ തന്നെ അവസാനിക്കുകയും ചെയ്യട്ടെ. ആമേൻ. ❖

(3-ാംപേജിന്റെ തുടർച്ച)

ഞാൻ ദൈവത്തിനായിട്ട് ജീവിക്കുവാൻ ആഗ്രഹിക്കുന്നു

ക്കാർ ചിതറിപാർത്തവരും സുവിശേഷത്തോട് അല്പം താല്പര്യം കാണിച്ചിരുന്നവരും ആയിരുന്നു. ഡേവിഡ് തന്റെ ചിന്തകളെല്ലാം ഡയറിയിൽ എഴുതി രേഖപ്പെടുത്തിയിരിക്കുന്നു. ഒരു നിസ്സാര കാര്യങ്ങൾ പോലും ആ ജനത്തിന്റെ മാനസാന്തരവുമായി ബന്ധപ്പെട്ടിരുന്നു. അതായത് അർദ്ധരാത്രിയിലെ കൂരിരുട്ടുപോലെ എന്നാൽ ഞാൻ എന്റെ പ്രത്യാശ കൈവിടാതെ അവരുടെയിടയിൽ ഏതെങ്കിലും തരത്തിൽ കർത്താവിന് മഹത്വം ഉണ്ടാകുന്ന പ്രവർത്തികൾക്കായിട്ട് കാത്തിരുന്നു.

പ്രാർത്ഥനയിൽ എന്റെ ആത്മാവിനെ വിശാലപ്പെടുത്തി, എന്റെ വിശ്വാസത്തെ വളരെ വിവേചനശക്തിയോടെ കണ്ടു. എന്റെ ഈ പാവപ്പെട്ട ജനത്തിനു വേണ്ടി ദൈവത്തോട് പ്രാർത്ഥിക്കുവാൻ കഴിഞ്ഞു. അവർ ദൈവഭാഗത്തേക്ക് വരുവാൻ സാധ്യത ഇല്ലെങ്കിലും ദൈവത്താൽ അസാധ്യമായത് ഒന്നും ഇല്ലല്ലോ.

ഇവിടെ ഞാൻ കണ്ടത് ജീവനുള്ള ദൈവത്തിന്റെ പ്രകാശിതമായ എനിക്ക് വേണ്ടിയുള്ള പ്രവർത്തി, അതിന് തടസ്സം ഉണ്ടാക്കുവാൻ മതിയായ ശക്തിയുള്ള യാതൊരു വിധവുമായ തടസ്സങ്ങളും ഉയരുവാൻ സർവ്വശക്തനായവൻ അനുവദിക്കുന്നില്ല എന്ന് വളരെ ശക്തിയോടെ പ്രതീക്ഷിക്കുന്നു. അതുകൊണ്ട് ഞാൻ തുടർച്ചയായിട്ട് എന്റെ കണ്ണുകളെ ദൈവത്തിങ്കലേയ്ക്കു ഉയർത്തികൊണ്ടിരുന്നു. എന്റെ സഹായത്തിനും കരുണയ്ക്കുമായിട്ടു അങ്ങനെ ഈ ലോകത്തിലെ എന്റെ ജീവിതത്തിന് കൂടുതൽ ഇന്ദ്രിയജയം നേടികൊണ്ട് ജീവിക്കുവാൻ സാധിച്ചു. എന്റെ മുഴുവൻ ആത്മാവ് വീണ്ടും ക്രിസ്തുവിന്റെ രാജ്യത്തിന്റെ വരവിനായിട്ടുള്ള ഒരു ആത്മഭാരത്തോടകൂടിയതായിരുന്നു. ദൈവം എന്നെ അധികമായിട്ടു ഒരു ആഴമുള്ള സമർപ്പണത്തിലേയ്ക്കു നയിക്കും എന്നുള്ള ഒരു ആത്മാർത്ഥതയോട് കൂടി ആയിരിപ്പാൻ സാധിച്ചു. അന്ധകാരത്തിൽ കഴിയുന്നവരുടെ ഇടയിൽ അവിടുത്തെ നാമത്തെ വഹിക്കുവാനുള്ള ഒരു തെരഞ്ഞെടുക്കപ്പെട്ട പാത്രമായിട്ട് എന്നെത്തന്നെ ഞാൻ കരുതി.

പ്രാർത്ഥനയുടെ ആത്മാവിനെ സംരക്ഷിക്കുക

ബ്രയിനാർഡ് പറയുകയാണ് ദൈവത്തിന്റെ പ്രാർത്ഥനയുടെ ആത്മാവിനെ തനിക്ക് വേർതിരിച്ച് അറിയുവാൻ കഴിഞ്ഞെന്ന്. അതുകൊണ്ട് താൻ പറയുകയാണ് ചിലതിനെ ദർശിക്കപ്പെട്ടുക്കൊണ്ടിരുന്നപ്പോഴും ബലഹിനൻ ആയപ്പോഴും എന്റെ ഹൃദയത്തിന്റെ അഹങ്കാരം, ശ്രദ്ധകുറവ്, അനാവശ്യ ചിന്തകൾ, ആത്മാവിനെ ദു:ഖിപ്പിച്ചത് അതുപോലെ ദയയും, വാത്സല്യവും, മാധുര്യവും എല്ലാ ജീവിതത്തിൽ നിന്നു ഉപേക്ഷിച്ചു പോയെങ്കിലും ദൈവത്തിന്റെ പ്രാർത്ഥനയുടെ ആത്മാവിന്റെ ശക്തി അനുഭവിക്കുവാൻ കഴിഞ്ഞു. അവൻ ഭയപ്പെട്ടിരുന്നു ഏതെങ്കിലും അനാവശ്യ ചിന്തകൾ ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദു:ഖിപ്പിച്ചേക്കാം എന്ന്.

എവിടെയാണെന്നോ അല്ലെങ്കിൽ എങ്ങനെയാണ് ഞാൻ ജീവിച്ചതെന്ന്, അല്ലെങ്കിൽ എന്ത് കഷ്ടതകളിൽ കൂടി ഞാൻ കടന്നു പോയതെന്നോ എന്ന് ഞാൻ ശ്രദ്ധിച്ചിരുന്നില്ല. അങ്ങനെ എനിക്ക് കൂടുതൽ ക്രിസ്തുവിനു വേണ്ടി ആത്മാക്കളെ നേടുവാൻ കഴിഞ്ഞു. ഇതൊക്കെ താൻ ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഇൻഡ്യൻ ജനതയുടെ മേൽ പരിശുദ്ധാത്മാവിന്റെ ഒരു വലിയ നിറവിനെ അയക്കുവാൻ വേണ്ടി വളരെ പ്രാർത്ഥിച്ചു. അവരുടെ ഇടയിൽ ദൈവത്തിന്റെ ശക്തി വെളിപ്പെടുത്തുന്നതിനായിട്ട് ആഗ്രഹിച്ചു. ചില ദിവസങ്ങളിൽ 6, 7 തവണ പ്രാർത്ഥനയ്ക്കായിട്ട് മുട്ടുകുത്തുമായിരുന്നു. കുതിരപുറത്ത് സവാരി ചെയ്യുന്ന സമയത്തു പ്രാർത്ഥിക്കുമായിരുന്നു. ചില രാത്രികളിൽ തീവ്രമായ വേദനകൊണ്ടും ക്ഷീണം കൊണ്ടും ഉണർന്ന് എഴുന്നേൽക്കുമായിരുന്നു. ഇങ്ങനെയുള്ള സമയങ്ങളിൽ പ്രാർത്ഥിക്കുവാനും വചനം ധ്യാനിക്കുവാനും ശ്രദ്ധിച്ചിരുന്നു. എന്റെ ആത്മാവ് വളരെ സന്തോഷിച്ചിരുന്നു. ഇങ്ങനെ പ്രാർത്ഥനയിൽ ആ സമയങ്ങളിൽ ആയിരിക്കുവാൻ എന്ന്. ഒരിക്കൽ അദ്ദേഹത്തിന്റെ ഡയറിയിൽ എഴുതിയിരുന്നത് എന്റെ അത്യാവശ്യ ആഹാരത്തിനുവേണ്ടി പോലും ഞാൻ ആഗ്രഹിച്ചിരുന്നില്ല എന്നാണ്. ❖

(കഴിഞ്ഞ ലക്കം തുടർച്ച)

ക്രിസ്തുവിനെക്കുറിച്ചുള്ള അറിവ്

ശോഭനമായ പങ്കാളിത്തം

കർത്താവുമായിട്ടു ഒരു നല്ല സുഹൃത്ത് ബന്ധം നാം സൃഷ്ടിച്ചെടുക്കേണ്ടതിന്റെ പ്രാധാന്യത്തെ കുറിച്ച് അവസാനം ആയിട്ട് ഞാൻ പറയട്ടെ. എന്റെ എല്ലാ പ്രീയ സഹോദരി സഹോദരന്മാരെ നിങ്ങൾ എല്ലാവരും കർത്താവായ യേശുക്രിസ്തുവിൽ കൂടി പിതാവായ ദൈവത്തോട് കൂട്ടായ്മ ഉള്ളവരാണല്ലോ. പുത്രനായ ക്രിസ്തുവിനോടു നല്ല സഹവർത്തിത്വം ഉണ്ടെന്നാണ്.

അതാണ് നമ്മുടെ പങ്കാളിയെന്ന് അറിയുവാൻ എല്ലാവർക്കും ഒരുപോലെ ആഗ്രഹം ഇല്ല. അനേകർ അറിയുന്നില്ല പങ്കാളിത്വത്തിന്റെ വില എന്താണെന്ന്, പങ്കാളി എന്നതുകൊണ്ട് ഒരുവന്റെ ജീവിതത്തിൽ എത്ര പ്രാധാന്യം ഉണ്ടെന്ന്. ഒരുവന്റെ ജീവിതത്തിൽ പങ്കാളിയുടെ അഭാവത്തിൽ സംഭവിച്ചേക്കാവുന്ന ബുദ്ധിമുട്ടുകൾ എന്താണെന്ന് പങ്കാളിയുടെ ശക്തി എത്രമാത്രമെന്ന്. എന്നാൽ അവരുടെയൊക്കെ നടുവിൽ കർത്താവായ യേശുക്രിസ്തുവിനോടും പിതാവായ ദൈവത്തോടും കൂട്ടായ്മ ആചരിക്കുന്ന നമ്മിൽകൂടി നമ്മുടെ ബുദ്ധിമുട്ടുകൾ ഒക്കെയും അവന്റെ ധനത്തിനൊത്തവണ്ണം നികത്തി തരുന്നവനാണെന്ന്, അതെ നമ്മുടെ ചുറ്റുമുള്ള ലോകം അറിയട്ടെ.

ഇത് എത്രയോ അത്ഭുതമാണ്. അത്യുന്നതനായവൻ തന്റെതായ സ്ഥാനമാനങ്ങൾ എല്ലാം ഉപേക്ഷിച്ച് എളിയവരോടു സംസാരിക്കുവാൻ കാണിച്ച അവന്റെ മനസ്സും വിലയില്ലാത്തവരെ ചേർത്തണച്ച കർത്താവിന്റെ ഹൃദയവും, നമ്മെപോലെ സാധാരണക്കാരിൽ സാധാരണക്കാരനായി തീർന്ന അവന്റെ ജീവിതവും വളരെ ചിന്തനീയമാണ്. ക്ഷീണിതനായിരുന്നപ്പോഴും അന്ധകാരവാഴ്ചകളുടെ ശക്തിയെ തകർക്കുകയും ചെയ്തവൻ. കണ്ണുനീരിന്റെ താഴ്വരയിൽ യാത്ര ചെയ്യുമ്പോൾ അതിനെ ഒരു തീർത്ഥാടന യാത്രയായികാണുവാൻ എന്നെ സഹായിക്കുന്ന എന്റെ കർത്താവിന്റെ പാദ പീഠത്തിലേക്കു എനിക്ക് യാതൊരു ഭീതിയും കൂടാതെ അണയുവാൻ സാധിക്കുന്നു. അതെ എന്റെ പങ്കാളിയായവൻ നല്ലവനും, ദയാലുവും ഉദാരമനസ്കരുമായ യേശുക്രിസ്തുവിന്റെ ജ്ഞാനവും സമ്പത്തും ആർക്കും കണക്കുകൂട്ടുവാൻ സാധിക്കാത്തതു നിത്യവും മാറ്റിമില്ലാത്തതുമായ അവിടുത്തെ സ്നേഹത്താൽ എന്നെ സ്നേഹിക്കുന്നവനുമാണ്. ❖

(കഴിഞ്ഞ ലക്കം തുടർച്ച)

കുട്ടികളെ പഠിപ്പിക്കുക, ദൈവത്തെയും മറ്റുള്ളവരെയും സ്നേഹിക്കുവാൻ

നിങ്ങളുടെ കുട്ടികളെ നിങ്ങൾ പഠിപ്പിക്കണം ഒരിക്കലും തിന്മ/തെറ്റ് ചെയ്വാൻ ശ്രമിക്കരുത്. അവർക്ക് അവകാശപ്പെടാത്തതു എന്തും എടുക്കുന്നത് ദൈവകല്പനകളെ നിഷേധിക്കുകയാണെന്നുള്ളതാണ്.

കല്പനകളിൽ ഒൻപത്: " കൂട്ടുകാരന്റെ നേരെ കള്ള സാക്ഷ്യം പറയരുത് " (പുറ. 20:16). കുട്ടികൾ വളരെ ചെറുപ്പം മുതൽ പഠിക്കണം ദൈവത്തെ ബഹുമാനിക്കുവാൻ വാസ്തവത്തിൽ സത്യം/ശരി അല്ലാത്തതു പറയുകയോ, പ്രവർത്തിക്കുകയോ ചെയ്യരുത്. തെറ്റിൽ നാം വീണു പോയാൽ നാം ഒരിക്കലും മറ്റുള്ളവരുടെ കണ്ണുകളിൽ വിശ്വസ്തരാകുകയില്ല. കുട്ടികളെ പഠിപ്പിക്കുക മറ്റുള്ളവരെ ശരിക്കും സ്നേഹിക്കുവാൻ, ദൈവത്തിന്റെ കല്പനയാണെന്നുള്ള വെളിച്ചത്തിലും അവരുടെ സംസാരവും പ്രവർത്തികളും സത്യസന്ധമായിരിക്കുവാനും.

കല്പനകളിൽ പത്താമത്തേതു : കൂട്ടുകാരന്റെ ഭവനത്തെ മോഹിക്കരുത്. കൂട്ടുകാരന്റെ ഭാര്യയെയും അവന്റെ ദാസനേയും ദാസിയേയും അവന്റെ കാളകളേയും കഴുതയെയും കൂട്ടുകാരനുള്ളയാതൊന്നിനെയും മോഹിക്കരുത് (പുറ. 20:17). ഇതുഅനുസരിക്കുന്നതിനുള്ള പ്രധാനപ്പെട്ട കാര്യം നാം എന്താണോ അതിൽ സംതൃപ്തിഉള്ളവരായിരിക്കുക, അല്ലാതെ മറ്റുള്ളവർക്ക് ഉള്ളത് വേണമെന്നുള്ള ആഗ്രഹത്തോടെ ജീവിക്കാതിരിക്കുക. കൂട്ടികളെ ഇത് പഠിപ്പിക്കണം. പൗലൊസ് അപ്പോസ്തലൻ ഫിലി: 4:11-13 വരെയുള്ള വാക്യങ്ങളിൽ പറഞ്ഞിരിക്കുന്ന സാക്ഷ്യം വായിക്കുക. എല്ലാ നിമിഷവും/ സാഹചര്യങ്ങളിലും നിങ്ങളുടെ ഭവനത്തിൽ നല്ല മാതൃകയുള്ളവരായിട്ട് പെരുമാറുക.

ഇവിടെ വളരെ പ്രധാനപ്പെട്ട കാര്യമാണ് ആറു കല്പനകൾ ബൈബിളിൽ ഏഴുമുതൽ എട്ട് പ്രവാശ്യം വരെ രേഖപ്പെടുത്തിയിരിക്കുന്നുവെന്നാണ്. ഈ കാര്യാദികളിലെല്ലാം നമുക്ക് അനുസരണം ഉണ്ടായിരിക്കണമെന്നുള്ളത് ദൈവം വളരെ കർശനമായിട്ട് കാണുന്നതാണ്. ഇതിൽ കൂടിയെല്ലാം നാം നമ്മുടെ കുട്ടികളെ സ്വാധീനിക്കാം. ഇത് തീർച്ചയായിട്ടും അവരോടു പറയണം. റോഡിൽ കൂടി അവരോടുകൂടി നാം നടക്കുമ്പോൾ, ഭവനത്തിൽ കുട്ടികളോടുകൂടി ഇരിക്കുമ്പോൾ, നാം ഭവനത്തിൽ കിടക്കുമ്പോഴും ഉണർന്ന് എഴുന്നേൽക്കുമ്പോഴുമെല്ലാം (ആവ. 6:4-9).

" അവന്റെ കല്പനകളെ പ്രമാണിക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം; അവന്റെ കല്പനകൾ ഭാരമുള്ളവയല്ല " (1 യോഹ. 5:3). ❖

(6-ാംപേജിന്റെ തുടർച്ച)

ക്രിസ്തുവിനെ ധരിച്ചിരിക്കുന്ന കുടുംബം

പ്രാർത്ഥനയിൽകൂടി സാധ്യമാകുമെന്ന്. കർത്താവേ, ഇന്ന് ഞങ്ങൾ അങ്ങ് ധരിച്ചിരുന്ന അതെ സർവ്വായുധവർഗ്ഗം ധരിക്കുവാൻ ആഗ്രഹിക്കുന്നു. അങ്ങനെ പിശാച് ഞങ്ങളെ പ്രലോഭിപ്പിച്ച് പാപം ചെയ്തേക്കാവുന്ന എല്ലാ തന്ത്രങ്ങളോടും എതിർത്തു നിൽക്കുവാൻ ശക്തിയുള്ളവരായി തീരും. ഞങ്ങൾക്ക് രക്ഷയുടെ ശിരസ്ത്രം അണിയുവാനും നീതി എന്ന കവചം ധരിക്കുവാനും സാധിക്കും. എന്തുകൊണ്ടെന്നാൽ അങ്ങ് തന്നെയാണല്ലോ ഞങ്ങളുടെ നീതീകരണവും രക്ഷയും എല്ലാം. ഞങ്ങളുടെ അരെക്കു സത്യം കെട്ടുന്നു. കാരണം അങ്ങ് സത്യം ആണല്ലോ. അങ്ങ് സദ്വർത്തമാനം ആയതുകൊണ്ട് സമാധാന സുവിശേഷത്തിനായുള്ള ഒരുക്കം കാലിനു ചെരുപ്പായിട്ടു തീർന്നിരിക്കുന്നു. അത് ഞങ്ങളെ ഈ സുവിശേഷം മറ്റുള്ളവരോട് പറയുവാൻ സഹായിക്കുന്നു. വിശ്വാസത്തിന്റെ പരിച എടുത്തുകൊണ്ടതിനാൽ പൂർണ്ണമായിട്ടു നാം ശത്രുവിന്റെ എല്ലാ തീയമ്പുകളിൽ നിന്നും സുരക്ഷിതരാണ്. ഞങ്ങൾ അവിടുത്തെ വചനം ആകുന്ന വാൾ വഹിക്കുന്നു. അങ്ങനെ ഞങ്ങൾ മറ്റുള്ളവരോട് പ്രതിവാദിക്കുവാൻ ബലമുള്ളവരായി തീരുന്നു.(1പത്രൊ. 3:15). ഞങ്ങളെ എല്ലാവരെയും കർത്താവേ ഇന്ന് യേശുവിനെ ധരിച്ചരിക്കുന്നവരായിട്ട് മറ്റുള്ളവർ കാണട്ടെ. ❖

(5-ാംപേജിന്റെ തുടർച്ച)

പ്രാർത്ഥന

ജോലി ചെയ്യണമെന്ന് - കർത്തിന്റെ ശക്തിയാലും കൃപയാലും.

ഹന്നയെപ്പോലെ നാം ഇത് പ്രാപിച്ചെടുക്കേണം. അവൾ എന്താണ് ചെയ്തത്? അവൾ കരഞ്ഞു, അവൾ അതിവ്യസനമുള്ളവളായിരുന്നു. അവൾ പറഞ്ഞത് അവൾക്ക് ദൈവസന്നിധിയിൽ ബോധിപ്പിക്കുവാൻ ചില വിഷയങ്ങൾ ഉണ്ടെന്നാണ്, അവൾ ഉപവസിച്ചു പ്രാർത്ഥിച്ചു.

ദൈവത്തിന്റെ അഭിഷിക്തനായ യേശുക്രിസ്തു പ്രാർത്ഥന ഒരു പതിവാക്കി തീർത്തു. അപ്പോസ്തലനായ പൗലൊസ് താൻ വലിയ ബുദ്ധിമാനും അറിവും പക്വതയും എല്ലാം ഉള്ളവനായിരുന്നിട്ടും പറയുകയാണ് താൻ ബലഹീനൻ എന്ന്. അതുകൊണ്ട് പൗലൊസ് പ്രാർത്ഥനയിൽ കൂടുതൽ ആശ്രയിച്ചു. യിസ്രായേലിലെ രാജാവായ ദാവീദു പറയുകയാണ്. ഞാൻ ദരിദ്രൻ എന്ന്. അതുകൊണ്ട് കർത്താവിന്റെ മുമ്പിൽ കരഞ്ഞു പ്രാർത്ഥിച്ചു. ഹന്ന ഒരു മകനുവേണ്ടിയഹോവയോടു പ്രാർത്ഥിച്ചു, കർത്താവ് അവൾക്ക് ഒരു പ്രവാചകനായ പുരുഷനെ നൽകി. പ്രാർത്ഥന വീരന്മാരായ ചെറുപ്പക്കാർ ഉണർവ്വിന് തീ കൊളത്തുകയാണ് ചെയ്തത്.

പ്രാർത്ഥനയെക്കാൾ മാറ്റങ്ങൾ വരുത്തുവാൻ ശക്തമായ വേറെ ഒന്നും തന്നേ ഇല്ല. ❖

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975